LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന്റെ ബാദ്ധ്യത

152 (2390) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എം.എൽ.എ.-മാരുടെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി, സർക്കാർ വകുപ്പുകൾ വഴി കൊടുത്തു തീർക്കാനുള്ള മറ്റ് ബാദ്ധ്യതകൾ, എന്നീ ഇനങ്ങളിൽ കുടിശ്ശികയായിട്ടുള്ള സർക്കാരിന്റെ ബാദ്ധ്യത, ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ ;

ഉത്തരം

എം.എൽ.എ.-മാരുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിക്ക് കീഴിൽ പൊതുമരാമത്ത് ചീഫ് എഞ്ചിനീയർമാർ കൺട്രോളിംഗ് ഓഫീസറായിട്ടുള്ള ശീർഷകങ്ങളിൽ 1-1-2014 മുതൽ 31-8-2014 വരെ കൊടുത്തു തീർക്കുവാനുള്ള കുടിശ്ശികയായ തുക 120.36 കോടി രൂപയാണ്. കൂടാതെ 1-1-2014 മുതൽ 31-8-2014 വരെ വിവിധ സർക്കാർ വകുപ്പുകൾ വഴി കരാറുകാർക്ക് കൊടുത്തു തീർക്കുവാൻ ആകെ 1665.40 കോടി രൂപ കുടിശ്ശികയായുണ്ട്.

സംസ്ഥാനത്തിന്റെ കടം

153 (2391) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു വർഷം കടപ്പത്രം വഴി എത്ര കോടി രൂപ കടം എടുക്കുവാനാണ് റിസർവ് ബാങ്ക് അനുമതി നൽകിയിട്ടുള്ളത്;

(ബി) ആയതിൽ 2014 ഒക്ടോബർ 31 വരെ കടപ്പത്രം വഴി എത്ര കോടി രൂപ സമാഹരിച്ചു; നടപ്പുവർഷം എത്ര കോടി രൂപ കൂടി സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ;

(സി) ഇങ്ങനെ കടമെടുക്കുന്ന തുക സംസ്ഥാനം വികസനച്ചെലവുകൾക്കാണോ ഉപയോഗിക്കുന്നത് ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) എന്നാൽ ഇപ്രകാരം കടമെടുക്കുന്ന തുക റവന്യൂ ചിലവുകൾക്കാണ് നിലവിൽ ഉപയോഗിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയമവിരുദ്ധമാണെന്ന് കരുതുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) നിലവിൽ സംസ്ഥാനത്തിന്റെ സഞ്ചിത കടം എത്ര ; ഈ സാമ്പത്തിക വർഷം അവസാനമാകുമ്പോൾ സഞ്ചിതകടം എത്രയാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ചു നൽകിയിട്ടുള്ള വായ്പാ പരിധി അനുസരിച്ച് പൊതുവിപണിയിൽ നിന്നും കടപ്പത്രം വഴി 13950.76 കോടി രൂപ സമാഹരിക്കാവുന്നതാണ്.